**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5920** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ലഭിച്ചിരുന്ന പെൻഷൻ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി വിഭാഗത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിരുന്ന വികലാംഗ പെൻഷൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 1.11. 2022-ലെ ഉത്തരവുപ്രകാരം പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഉള്ളവർക്കും സ്ഥിരം വൈകല്യം എന്ന് രേഖപ്പെടുത്തിയ യുണീക്ക് ഡിസെബിലിറ്റി കാർഡ് ഉള്ളവർക്കും മാത്രമായി ചുരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇത് സംബന്ധിച്ച നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറാണ് പുറപ്പെടുവിച്ചിട്ടുള്ളത്. താത്കാലിക വൈകല്യം എന്നു രേഖപ്പെടുത്തിയ വികലാംഗ സർട്ടിഫിക്കറ്റിന്മേൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം വികലാംഗ പെൻഷൻ അനുവദിക്കാൻ സാധിക്കില്ലായെന്നും UDID മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ശേഷം സ്ഥിര വൈകല്യം എന്ന് രേഖപ്പെടുത്തിയ UDID കാർഡ് ലഭിക്കുന്ന പക്ഷം വികലാംഗ പെൻഷന് അർഹതയുണ്ടെന്നുമുള്ള ആരോഗ്യ വകുപ്പ ഡയറക്ടറുടെ അഭിപ്രായ പ്രകാരം ധനകാര്യ വകുപ്പ നൽകിയ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തു ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൻസ് വിത്ത് ഡിസെബിലിറ്റീസ് (ആർ.പി.ഡബ്ല്യൂ.ഡി) നിയമ പ്രകാരം അപേക്ഷകന് പതിനെട്ട് വയസ്സ് കഴിഞ്ഞാൽ മാത്രമേ മെഡിക്കൽ ബോർഡിൽ നിന്നും പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ എന്ന ചട്ടം നിലനിൽക്കെ പഞ്ചായത്ത് അഡിഷണൽ ഡയറക്ടറുടെ അശാസ്ത്രീയമായ ഉത്തരവ് പതിനായിരക്കണക്കിന് ഗുണഭോക്താക്കളുടെ പെൻഷൻ നിഷേധിക്കപ്പെടുന്നതിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള ഭിന്നശേഷിയിൽ മാറ്റങ്ങൾ ഉണ്ടാകാമെന്ന് മെഡിക്കൽ ബോർഡ് പരിശോധനയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാർക്ക്, ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേക്ക് മാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ടി കാലയളവിലേക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണ് എന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ ബോർഡിന് മുമ്പാകെ ഭിന്നശേഷി പുനഃപരിശോധനയ്ക്ക് വിധേയമായ ശേഷം അനുവദിക്കുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ടി കാലയളവിന് ശേഷം, പെൻഷൻ തുടർന്നു ലഭിക്കുകയുള്ളൂ. ഏത് തരം ഭിന്നശേഷിക്കാർക്കും അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി, അവരുടെ ഭിന്നശേഷി സർട്ടിഫിക്കറ്റിന് സാധുതയുള്ള കാലയളവിലേക്ക് ഭിന്നശേഷി പെൻഷന് |

| | | | |
|---|---|---|---|
| | | | അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരം വൈകല്യം എന്ന് രേഖപ്പെടുത്തിയവർക്ക് Unique Disability ID Card ലഭിക്കുന്ന പക്ഷം നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി പെൻഷൻ തുടർന്നും ലഭ്യമാകുന്നതാണെന്നും, ഭിന്നശേഷി സർട്ടിഫിക്കറ്റുകളിൽ വൈകല്യത്തിന്റെ കാലാവധി, താൽക്കാലികം / സ്ഥിരം എന്നിവ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണെന്നും 13.03.2023-ലെ 26/2023/ ധന.നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>(സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു.) |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

സർക്കുലർ നം.26/2023/ധന. തിരുവനന്തപുരം, തീയതി: 13.03.2023

**സർക്കുലർ**

വിഷയം - ധനകാര്യ വകുപ്പ് - താൽക്കാലിക വൈകല്യം എന്ന രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുനത് - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.02.2023 -ലെ എം.എച്ച്1/2478/2023/ഡി.എച്ച്.എസ് നമ്പർ കത്ത്

പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും അനുവദിച്ചു നൽകുന്ന താൽക്കാലിക വൈകല്യം (temporary disability) എന്ന രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2. ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ഇടവേളകളിൽ ഭിന്നശേഷി വിലയിരുത്തൽ ആവശ്യമെന്ന് സൂചിപ്പിച്ച് 'താൽക്കാലിക വൈകല്യം' എന്ന് രേഖപ്പെടുത്തിയ ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് ക്ഷേമ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ഭിന്നശേഷിയിൽ മാറ്റങ്ങൾ ഉണ്ടാകാമെന്ന് മെഡിക്കൽ ബോർഡ് പരിശോധനയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാർക്ക്, ഒരു പ്രത്യേക കാലയളവ് രേഖപ്പെടുത്തി ടി കാലയളവിലേക്ക് മാത്രം സാധുതയുള്ള തരം ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ടി കാലയളവിലേക്ക് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നതാണ്. മെഡിക്കൽ ബോർഡിന് മുമ്പാകെ ഭിന്നശേഷി പുനഃപരിശോധനയ്ക്ക് വിധേയമായ ശേഷം അനുവദിക്കുന്ന

ഭിന്നശേഷി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ടി കാലയളവിന് ശേഷം, പെൻഷൻ തുടർന്നു ലഭിക്കുകയുള്ളൂ. ഏത് തരം ഭിന്നശേഷിക്കാർക്കും, അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി, അവരുടെ ഭിന്നശേഷി സർട്ടിഫിക്കറ്റിന് സാധുതയുള്ള കാലയളവിലേക്ക് ഭിന്നശേഷി പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരം വൈകല്യം എന്ന് രേഖപ്പെടുത്തിയവർക്ക് Unique Disability ID Card ലഭിക്കുന്ന പക്ഷം നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി പെൻഷൻ തുടർന്നും ലഭ്യമാകുന്നതാണെന്നും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

4. ഭിന്നശേഷി സർട്ടിഫിക്കറ്റുകളിൽ വൈകല്യത്തിന്റെ കാലാവധി, താൽക്കാലികം / സ്ഥിരം എന്നിവ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

5. "സേവന" സോഫ്റ്റ്‌വെയറിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുവാൻ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പ്രദീപ് കുമാർ.ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് II), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽഫയൽ/ഓഫീസ് പകർപ്പ് (നം .2298654/എസ്എഫ്സി-ബി1/23/ധന).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ